**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3361** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന്റെ നൈപുണ്യ വികസന നിലവാരം ഉയർത്തുന്നതിന് പ്രധാന ചാലക ശക്തിയായി നിൽക്കുന്നത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ / സ്വകാര്യ ഐ.ടി.ഐകളാണ്. ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന 104 സർക്കാർ ഐ.ടി.ഐകൾ, 44 എസ്.സി.ഡി.ഡി ഐ.ടി.ഐകൾ, 2 എസ്.ടി.ഡി.ഡി ഐ.ടി.ഐകൾ, 250-ഓളം സ്വകാര്യ ഐ.ടി.ഐകൾ എന്നിവയിലൂടെ വർഷം തോറും ഏകദേശം അൻപതിനായിരത്തോളം ട്രെയിനികൾ പരിശീലനം പൂർത്തിയാക്കുന്നുണ്ട്. മേൽപ്പറഞ്ഞ 104 ഐ.ടി.ഐകളിൽ തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 17 സ്ഥാപനങ്ങളിൽ പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കാലഹരണപ്പെട്ട ട്രേഡുകൾ റീവാമ്പിംഗിലൂടെ ഒഴിവാക്കി ന്യൂജെൻ ട്രേഡുകൾ ആരംഭിക്കാൻ നടപടികൾ സ്വികരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ യുവജനങ്ങൾക്ക് നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി ജില്ല അടിസ്ഥാനത്തിൽ തൊഴിൽ മേള, അപ്രന്റീസ് മേള എന്നിവ നടത്തിവരുന്നുണ്ട്. ഇതോടൊപ്പം സംരംഭകത്വ പരിശീലനവും സിലബസ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 25 ഓളം ന്യൂജെൻ ട്രേഡുകളിൽ പരിശീലനം നൽകാനാവശ്യമായ നടപടികൾ സ്വികരിച്ചു വരുന്നുണ്ട്.<br><br>പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 23 വയസിൽ താഴെയുള്ള യുവാക്കൾക്കും പ്ലസ് 2 ലെവൽ വിദ്യാർത്ഥികൾക്കും അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. ഈ കേന്ദ്രങ്ങളിൽ ആറു മാസത്തെ കോഴ്സ് |

പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. രാജ്യത്തും വിദേശത്തുമായി തൊഴിൽ സാധ്യതയുള്ള 29 പുതുതലമുറ കോഴ്സുകളാണ് തുടക്കത്തിൽ ആരംഭിക്കുന്നത്. എല്ലാ കോഴ്സുകളും തികച്ചും സൗജന്യമാണ്. സംസ്ഥാനതലത്തിൽ 236 നൈപുണ്യ പരിശീലന കേന്ദ്രങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. 2023-24 വർഷത്തിൽ എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ 14 കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 2024-25 വർഷത്തിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 210 ആകും.

വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അത് വഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള).

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ (ഓഫ് ലൈൻ & ഓൺലൈൻ) ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്.

വ്യവസായ മേഖലയിലെ വേഗത്തിലുള്ള മാറ്റങ്ങൾക്കൊപ്പം നിലനിൽക്കുന്നതിനുള്ള കഴിവുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിലൂടെ അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ബഹുമുഖ സമീപനമാണ് ASAP കേരള സ്വീകരിക്കുന്നത്. സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾ പഠിക്കുന്ന കാര്യങ്ങളും തൊഴിൽ മേഖല ആവശ്യപ്പെടുന്ന കഴിവുകളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ സമീപനം ലക്ഷ്യമിടുന്നത്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം അസാപ് നൈപുണ്യവികസനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നടന്നു വരുന്നു. ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ

(യുജിസി) മാർഗ്ഗനിർദ്ദേശങ്ങളോട് ചേർന്ന് നിൽക്കുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് .

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അസാപ് നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പതിവ് ഡിഗ്രി കോഴ്സുകൾക്കൊപ്പം തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നൂതന പരിശീലനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കും. അസാപ് കേരളയുടെ കോഴ്സുകൾക്ക് ക്രെഡിറ്റ് ലഭ്യമാകുന്നതിനുള്ള പ്രവർത്തങ്ങളും നടന്നു വരുന്നു .

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് അസാപ് സ്ഥാപിക്കുന്ന സ്കിൽ ഡെവലപ്മെൻറ് സെന്ററുകൾ വഴി അസാപ് നിലവിൽ കൊടുത്തു കൊണ്ടിരുന്ന സേവനങ്ങൾ കേരളത്തിലെ കൂടുതൽ വിദ്യാർഥികളിലേക്കു എത്തിക്കുകയാണ്. ഓൺലൈൻ, ഓഫ്‌ലൈൻ അല്ലെങ്കിൽ കമ്പ്യൂട്ടർ ലാബ് അടിസ്ഥാനമാക്കിയുള്ള പ്രായോഗിക ഇ-ലേണിംഗ് കോഴ്‌സുകൾ (ASAP iLike കോഴ്‌സുകൾ) എന്നിവയിലൂടെ വിദ്യാർഥികൾക്ക് ആധുനിക തൊഴിലുകൾ നേടാൻ സഹായിക്കുന്ന തൊഴിൽ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് മാറുന്ന തൊഴിൽ മേഖലകളെ കുറിച്ചുള്ള അവബോധവും പഠന തന്ത്രങ്ങളും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇൻഡക്ഷൻ പ്രോഗ്രാമിൽ തുടങ്ങി കുട്ടികളുടെ താൽപ്പര്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലനത്തിലൂടെ മുന്നേറി അവരെ ജോലി തേടാൻ പ്രാപ്തരാക്കുന്ന ഗ്രൂമിങ് പരിപാടിയിൽ അവസാനിക്കുന്ന തരത്തിലുള്ള നിരന്തര പരിശീലന പരിപാടികൾ ആണ് അസാപ് നടപ്പിലാക്കുന്നത്. ഇതിനു ശേഷം അസാപ് കുട്ടികൾക്ക് ഇന്റേൺഷിപ് / പ്ലേസ്മെന്റ് സഹായവും ചെയ്തു കൊടുക്കുന്നു .

**<u>ഇൻഡസ്ട്രി സ്പെസിഫിക് പരിശീലന പരിപാടികൾ:</u>**

വിവിധ വ്യവസായങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, വ്യവസായ വിദഗ്ധരുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത അനുയോജ്യമായ പരിശീലന പരിപാടികൾ അസാപ് കേരള വാഗ്ദാനം ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ വ്യവസായ-നിർദ്ദിഷ്ട കഴിവുകൾ നൽകുന്നതിൽ ഈ പ്രോഗ്രാമുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അസാപ്പിന്റെ മിക്കവാറും കോഴ്സുകൾക്കും അതാതു തൊഴിൽ മേഖലയിൽ

| | | | |
|---|---|---|---|
| | | | പ്രാവീണ്യവും പ്രവർത്തന പരിചയവും ഉള്ളവർ തന്നെയാണ് പരിശീലകരായി വരുന്നത് .<br><br>**<u>സെന്റർ ഓഫ് എക്സലൻസ് (COEs):</u>**<br>അന്തർദേശീയ നിലവാരമുള്ള അസാപ്പിന്റെ ഈ കേന്ദ്രങ്ങളിൽ ഗവേഷണ പിന്തുണ, നൈപുണ്യ പരിശീലനം, ഇന്റേൺഷിപ് എന്നിവ നൽകുന്നു. ഇലക്ട്രിക് വെഹിക്കിൾ, ഓഗ്മെന്റഡ് റിയാലിറ്റി/ വെർച്വൽ റിയാലിറ്റി (എ.ആർ/വി.ആർ) ലബോറട്ടറികൾ, ഡ്രോൺ പരിശീലന കേന്ദ്രം തുടങ്ങിയ ഫ്യൂച്ചറിസ്റ്റിക് സെന്ററുകൾ അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ